A 502

# الامتحان العام في المدارس الدينية ٢٠٢٢-٢٣ م
## تحت هيئة التربية والتعليم لندوة المجاهدين بكيرالا

الصف: الخامس | الموضوع: العقائد والأخلاق | المدة: ساعة ونصف | العلامات: ٨٠

## العقائد

**I ശരിയുത്തരം കണ്ടെത്തിഎഴുതാം.** 5

1) മരണത്തിനുശേഷം ഉയിർത്തെഴുന്നേൽപ്പു വരെയുള്ള കാലത്തെ വാസസ്ഥലം?

( ക്വിയാമത്ത് - ബർസഖ് - മഹ്ശർ )

2) അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്ന വിശ്വാസമാണ്.

(ശിർക്ക് - സുന്നത്ത് - തൗഹീദ്)

3) പ്രവാചകന്മാർക്ക് നൽകുന്ന പ്രവാചകത്വത്തിനുള്ള അടയാളമാണ്.

(കറാമത്ത് - മുഅ്ജിസത്ത് - ദഅ്വത്ത് )

4) ലോകാവസാനം വരെ മാറ്റമില്ലാതെ നിലനിൽക്കുന്ന ഗ്രന്ഥമാണ്.

( തൗറാത്ത് - ഇഞ്ചീൽ - ക്വുർആൻ )

5) ജിന്നുകളെ അല്ലാഹു സൃഷ്ടിച്ചത്.

( മണ്ണുകൊണ്ട് - അഗ്നി കൊണ്ട് - പ്രകാശം കൊണ്ട് )

**II തെറ്റ് തിരുത്തി എഴുതാം.** 10

1) നബിമാർക്ക് സന്ദേശം നൽകുന്നത് മാലിക് എന്ന മലക്കാണ്.

2) മയ്യിത്ത് മറവ് ചെയ്ത ഉടനെ മരിച്ചയാൾക്ക് സ്ഥൈര്യത്തിന് വേണ്ടി പ്രാർത്ഥിക്കുന്നതിന് തൽക്വീൻ എന്ന് പറയുന്നു.

3) മൂസാ നബിﷺയുടെ സഹോദരനായിരുന്നു സുലൈമാൻ നബിﷺ.

4) മലക്കുകളിൽ പ്രധാനി ഇസ്റാഫീൽ എന്ന മലക്കാണ്.

5) ശുഐബ് നബിﷺയെ നിയോഗിച്ചത് ഥമൂദ് ഗോത്രത്തിലേക്കായിരുന്നു.

**III ചതുരത്തിൽ നിന്നും യോജിച്ചവ കൊണ്ട് വിട്ടഭാഗം പൂർത്തിയാക്കാം.** 5

| |
|---|
| وَ إِنَّا لَهُ لَحَافِظُون |
| لَا يَعْصُونَ اللهَ مَا أَمَرَهُمْ |
| وَلَا أُشْرِكُ بِهِ أَحَدًا |
| رَبِّ ارْحَمْهُمَا |
| حَتَّى نَبْعَثَ رَسُولًا |

١) وَمَا كُنَّا مُعَذِّبِينَ ........................

٢) ........................ كَمَا رَبَّيَانِي صَغِيرًا

٣) إِنَّا نَحْنُ نَزَّلْنَا الذِّكْرَ........................

٤) ........................ وَيَفْعَلُونَ مَا يُؤْمَرُون

٥) قُلْ إِنَّمَا أَدْعُو رَبِّي ........................

**IV ആശയങ്ങൾക്ക് അനുയോജ്യമായ വചനങ്ങൾ എഴുതാം.** 10

1) പ്രാർത്ഥന തന്നെയാണ് ആരാധന.
2) ക്വബ്റിലെ ശിക്ഷയിൽ നിന്ന് ഞാൻ നിന്നോട് രക്ഷ തേടുന്നു.
3) എന്റെ ക്വബ്റിനെ ആഘോഷകേന്ദ്രമാക്കരുത്.
4) ക്വബ്റുകൾ സിമൻറ് ഇടുന്നത് നബി ﷺ വിരോധിച്ചിരിക്കുന്നു.
5) അല്ലാഹുവല്ലാത്തവരുടെ പേരിൽ സത്യം ചെയ്തവർ ശിർക്ക് ചെയ്തു.

| |
|---|
| ❁ لَا تَجْعَلُوا قَبْرِي عِيدًا |
| ❁ مَنْ حَلَفَ بِغَيْرِ اللهِ فَقَدْ أَشْرَكَ |
| ❁ نَهَى رَسُولُ اللهِ ﷺ أَنْ يُجَصَّصَ الْقَبْر |
| ❁ اَللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ الْقَبْر |

**V ലഘു വിവരണം തയ്യാറാക്കാം. (രണ്ടെണ്ണം)** 10

1) ക്വബ്റിലെ ജീവിതം
2) മുഅ്ജിസത്തും കറാമത്തും
3) അന്തിമ വേദഗ്രന്ഥം.

## الأخلاق

**IV ശരിയുത്തരം ചതുരത്തിൽ നിന്നും കണ്ടെത്തി പൂർത്തിയാക്കാം.** 5

1) ................. അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും ആകുന്നു.
2) അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്നത് ..................... ആകുന്നു.
3) അല്ലാഹു കച്ചവടം അനുവദിക്കുകയും ............ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു.
4) .................... ചെയ്യുന്നതിലൂടെ അല്ലാഹുവിന്റെ അടുക്കൽ നമുക്ക് പദവി ഉയരും.
5) നിന്റെ മനസ്സിൽ വിഷമം തോന്നുകയും ആളുകൾ അറിയുന്നത് നീ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്നതിന് .................... എന്നു പറയുന്നു.

| | | | | |
|---|---|---|---|---|
| പലിശ | പാപം | വിട്ടുവീഴ്ച | സമ്പത്ത് | ശിർക്ക് |

**VII ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുത്തെഴുതാം.** 10

1) പാപങ്ങൾ വന്നുപോയാൽ അല്ലാഹുവിനോട് ഖേദിച്ച് പാപമോചനം തേടണം.
2) ജനങ്ങൾക്ക് പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ പണം നൽകുകയും തിരിച്ചു വാങ്ങുമ്പോൾ അധിക സംഖ്യ വാങ്ങുകയും ചെയ്യാം.
3) സേവന പ്രവർത്തനങ്ങൾ സ്വർഗത്തിൽ പോകുന്നതിന് വഴിയൊരുക്കും.
4) സമ്പത്തിന്റെ യഥാർത്ഥ ഉടമ മനുഷ്യനാണ്.

5) മുടി ചീകി വെച്ച് വൃത്തിയിൽ നടക്കുക എന്നതാണ് ഇസ്‌ലാമിക മര്യാദ.

6) പുരുഷൻ സ്ത്രീ വേഷം ധരിക്കുന്നതിന് വിരോധമില്ല.

7) വഴിയിൽനിന്ന് മാലിന്യവും മുള്ളും നീക്കുന്നത് ദാനമാകുന്നു.

8) പലിശയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഏർപ്പെടുന്ന എല്ലാവരും ശപിക്കപ്പെട്ടവരാണ്.

**VIII ക്വുർആൻ വചനങ്ങളുടെ ആശയങ്ങൾ ചതുരത്തിൽ നിന്നും കണ്ടെത്താം.** 8

١) وَعِبَادُ ٱلرَّحْمَـٰنِ ٱلَّذِينَ يَمْشُونَ عَلَى ٱلْأَرْضِ هَوْنًا

٢) إِنَّ ٱلشِّرْكَ لَظُلْمٌ عَظِيمٌ

٣) وَلَا تَسْتَوِى ٱلْحَسَنَةُ وَلَا ٱلسَّيِّئَةُ

٤) فَإِذَا قُضِيَتِ ٱلصَّلَوٰةُ فَٱنتَشِرُوا۟ فِى ٱلْأَرْضِ

- ► നല്ലതും ചീത്തയും സമമാവുകയില്ല.
- ► ജുമുഅ നമസ്കാരം കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിക്കുക.
- ► പരമകാരുണികന്റെ ദാസന്മാർ ഭൂമിയിൽ വിനയത്തോടെ നടക്കുന്നവരാണ്.
- ► അല്ലാഹുവിൽ പങ്കു ചേർക്കൽ വലിയ അക്രമം ആകുന്നു.

**IX സമ്പത്ത് കൊണ്ടല്ലാതെ നമുക്ക് ചെയ്യാവുന്ന ധാരാളം ദാനധർമങ്ങളെ പറ്റി മദ്റസയിൽ വച്ച് പഠിച്ചിട്ടുണ്ടല്ലോ. ദാനധർമങ്ങളുടെ ഇനത്തിൽപ്പെട്ട നാലെണ്ണം എഴുതാമോ?** 8

ഉദാഹരണം : വഴിതെറ്റിയവർക്ക് വഴി കാണിച്ചു കൊടുക്കൽ.

**X ലഘു വിവരണം തയ്യാറാക്കാം (ഏതെങ്കിലും ഒന്ന്)** 3

1) കടമിടപാടുകൾ

2) ഏഴു മഹാപാപങ്ങൾ

**XI മദ്റസയിലെ സാഹിത്യ സമാജത്തിൽ അവതരിപ്പിക്കുന്നതിന് ഒരു പ്രബന്ധം തയ്യാറാക്കാം (ഏതെങ്കിലും ഒന്ന്)** 6

1) ലഹരി കൊണ്ടുള്ള ദോഷങ്ങളും പരിഹാര മാർഗങ്ങളും.

2) വസ്ത്രധാരണത്തിലെ ലാളിത്യം.